2026
FEBRUARY
12
THURS DAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
Home Delivery

# കേരളാ പേപ്പർ പ്രോഡക്ട്സിന് 741 കോടിയുടെ വിപുലീകരണ പദ്ധതി

## പദ്ധതിക്ക് മന്ത്രിസഭയുടെ അനുമതി

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള വെള്ളൂർ കേരളാ പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ) ആവിഷ്കരിച്ച 741 കോടി രൂപ മുതൽ മുടക്കുള്ള ബൃഹത്തായ തുടർ വികസന പദ്ധതിക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഉൽപാദനശേഷി വർദ്ധിപ്പിക്കലും ഉൽപ്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. 2019 ൽ കേന്ദ്ര സർക്കാർ അടച്ചു പൂട്ടിയ വെള്ളൂർ എച്ച്.എൻ.എൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത ശേഷം പുതുതായി രൂപീകരിച്ചതാണ് കെ.പി.പി.എൽ. അടച്ചു പൂട്ടിയ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനം സംസ്ഥാനം ഏറ്റെടുത്ത് പുനഃസംഘടിപ്പിക്കുകയും വിജയകരമായി നടത്തുകയും മാത്രമല്ല, അതിബൃഹത്തായ തുടർ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുന്നത് ഇന്ത്യയുടെ ചരിത്രത്തിലാദ്യമാണെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 175 കോടി രൂപയും, കെ.എസ്.ഐ ഡി.സി യുടെ ഓഹരി പങ്കാളിത്തമായി 25 കോടി രൂപയും ആണ് അനുവദിച്ചിരിക്കുന്നത്.

541 കോടി രൂപ ബാങ്കുകളുടെ കൺസോർഷ്യം വഴി ലഭ്യമാക്കും. വിപണി ആവശ്യങ്ങളും, പ്ലാസ്റ്റിക്ക് നിരോധനം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നിയന്ത്രണങ്ങളും, ഉപഭോക്താക്കളുടെ അഭിരുചി മാറ്റവും ചേർന്ന് ഉയർന്ന നിലവാരത്തിലുള്ള പേപ്പർ ഉൽപന്നങ്ങൾക്ക് വലിയ വളർച്ചാ സാധ്യതയാണ് കണക്കാക്കുന്നത്. ഇകോമേഴ്സ്, ഭക്ഷ്യവസ്തുകളുടെ വിതരണം, റീട്ടെയിൽ എന്നീ മേഖലകളുടെ വളർച്ചയോടൊപ്പം പേപ്പർ ഉൽപ്പന്നങ്ങളുടെ ആവശ്യവും ഗണ്യമായി ഉയർന്നു വരികയാണ്. നോട്ട് ബുക്കുകൾ, ടെക്സ്റ്റ് ബുക്കുകൾ, ഓഫീസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന റൈറ്റിംഗ് ആന്റ് പ്രിന്റിംഗ് പേപ്പർ, കോപ്പിയർ പേപ്പർ മുതലായ പേപ്പർ ഉൽപ്പന്നങ്ങൾക്കും രാജ്യവ്യാപകമായി ആവശ്യം നിരന്തരം ഉയരുന്നുണ്ട്. സ്പെഷ്യാൽറ്റി ഗ്രേഡുകളുടെയും, ഗുണമേന്മയുള്ള പാക്കേജിംഗ് ഗ്രേഡുകളുടെയും, റൈറ്റിംഗ് ആന്റ് പ്രിന്റിംഗ് പേപ്പർ ഗ്രേഡുകളുടെയും ദൈനംദിന ആവശ്യകത സംസ്ഥാനത്ത് കൂടുതലാണെങ്കിലും ഉയർന്ന ചരക്കുകൂലി നൽകി ഇവയെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ ഒരു പേപ്പർ ക്ലസ്റ്റർ



രൂപീകരിച്ച് സാധ്യതകളെ പൂർണ്ണമായി ഉപയോഗിക്കാനാണ് വിപുലീകരണ പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പൂർത്തീകരിച്ച് പ്ലാൻറുകൾ പൂർണ്ണമായും പ്രവർത്തനക്ഷമ മാക്കുന്നതോടെ 1500 കോടി രൂപ വിറ്റുവരവ് ഉള്ള സ്ഥാപനം ആയി കെ.പി.പി.എൽ മാറും. 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പി.രാജീവ് പറഞ്ഞു.

ഇന്ത്യയിലെ ഏറ്റവും വലിയ പത്രക്കടലാസ് നിർമ്മാണ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ വലിപ്പവും, സാങ്കേതികതയും ഉള്ള ബൃഹത്തായ ഒരു സ്ഥാപനം മൂന്നര കൊല്ലത്തിലേറെ നീണ്ട അടച്ചുപൂട്ടലിന് ശേഷം പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ പ്രവർത്തനസജ്ജമാക്കുകയും വൈവിധ്യ വൽക്കരണത്തിലൂടെ രാജ്യത്തെ കടലാസ് നിർമ്മാണ സ്ഥാപനങ്ങളുടെ മുൻ നിരയിലേക്ക് എത്തുന്നത് ഇന്ത്യയുടെ വ്യവസായ ചരിത്രത്തിൽ തന്നെ സമാനതകളില്ലാത്തതാണെന്നും മന്ത്രി പി രാജീവ് പറഞ്ഞു.

# ശ്രീലങ്കൻ പ്രതിനിധി സംഘവുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി



**തിരുവനന്തപുരം:** കേരളത്തിൽ സന്ദർശനത്തിനെത്തിയ ശ്രീലങ്കൻ പ്രതിനിധി സംഘവുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. രണ്ട് എംപി മാരും ഉദ്യോഗസ്ഥരും അടങ്ങുന്ന ശ്രീലങ്കൻ സംഘവുമായി ചീഫ് സെക്രട്ടറി ഡോ. ജയതിലക്, മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ എന്നിവരും എം എ ബേബിയും വിവിധ വിഷയങ്ങൾ പങ്കുവച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ നേതൃത്വത്തിലാണ് പ്രത്യേക അതിഥികളായി ആറംഗ സംഘം കേരളത്തിലെത്തിയത്.

ശ്രീലങ്കയിലെ എം പിമാരായ കിറ്റ്നൻ സെൽവരാജ്, കരുണാനന്ദൻ ഇളങ്കുമരൻ, പീപ്പിൾസ് ലിബറേഷൻ ഫ്രണ്ട് ജനറൽ സെക്രട്ടറി എം ടിൽവിൻ സിൽവ, സെൻട്രൽ കമ്മിറ്റി അംഗവും ഇന്റർ കമ്പനീസ് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറിയുമായ ജാനക അധികാരി, മീഡിയ യൂണിറ്റ് മേധാവി ഹേമതിലക ഗാമേജ്, അന്താരാഷ്ട്ര ബന്ധങ്ങൾക്കായുള്ള കമ്മിറ്റി അംഗം ബി.ആർ. കൽപ്പന മധുഭാഷിണി എന്നിവരാണ് സംഘാംഗങ്ങൾ.ഫെബ്രുവരി 5 ന് ഡൽഹിയിലെത്തിയ സംഘം ഡൽഹിയിലും അഹമ്മദാബാദിലും സന്ദർശനം പൂർത്തിയാക്കിയാണ് കേരളത്തിലെത്തിയത്. വിവിധ ഔദ്യോഗിക പരിപാടികൾക്ക് ശേഷം സംഘം ഇന്ന് കൊളംബോയിലേക്ക് മടങ്ങും.

# നെല്ല് സംഭരണം; സപ്ലൈക്കോയുടെ ബാധ്യത അനുവദിക്കും

**തിരുവനന്തപുരം:** നെല്ല് സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ (ഒ.ടി.ആർ )68% ൽ നിന്നും 64.5% ആയി കുറയ്ക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവാത്തത് മൂലം സപ്ലൈകോയ്ക്ക് 2019-20 സീസൺ മുതൽ 2021-22 വരെയുള്ള സംഭരണ വർഷങ്ങളിൽ ഉണ്ടായ സാമ്പത്തിക സാധ്യതയായ 253.06 കോടി രൂപ അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

2017 സെപ്റ്റംബറിൽ നെല്ല് സംഭരണം ആരംഭിക്കേണ്ട സമയത്ത്, നെല്ല് സംസ്കരണത്തിൽ കിട്ടുന്ന അരിയുടെ ഔട്ട് ടേൺ റേഷ്യോ (ഒ.ടി.ആർ )കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 68% കിട്ടുന്നില്ല എന്ന കാരണത്താൽ മില്ലുടമകൾ യഥാസമയം നെല്ലെടുക്കാൻ വിസമ്മതിച്ചിരുന്നു. ഔട്ട് ടേൺ റേഷ്യോ ഒരു കിന്റൽ നെല്ലിന് 68% നിന്നും 64.5 % ആയി കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നത് വരെയുള്ള സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് 2018 ൽ ഉത്തരവ് പുറപ്പെട്ടുവിച്ചിരുന്നു.




# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) :** നോളേജ് ഫെസ്റ്റിവൽ – രാവിലെ 10ന്.

■ **മുല്ലശ്ശേരി ശ്രീ ചക്രേശ്വരി ക്ഷേത്രം :** പ്രതിഷ്ഠാദിന മഹോത്സവം രാവിലെ 6ന്.

## കാലടി

■ **ശ്രീമൂലനഗരം തൃക്കേക്കര ശ്രീകൃഷ്ണ സ്വാമിക്ഷേത്രം :** ദശാവതാരം ചന്ദനം ചാർത്തൽ മഹോത്സവം – രാവിലെ 6ന്.

## പെരുമ്പാവൂർ

■ **യാക്കോബായ സുറിയാനി സഭ കിഴില്ലം സെന്റ് തോമസ് ധ്യാനകേന്ദ്രം :** സുവിശേഷ മഹായോഗം – രാവിലെ 6.30ന്.

## മുവാറ്റുപുഴ

■ **വാഴക്കുളം കാർമൽ സ്റ്റേഡിയം :** 32–ാമത് വാഴക്കുളം ബൈബിൽ കൺവൻഷൻ – ദൈവവചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും – വൈകിട്ട് 4.30ന്.

## പനങ്ങാട്

■ **പനങ്ങാട് മുണ്ടേമ്പിള്ളി മഹാവിഷ്ണുക്ഷേത്രം :** ഗുരുവായൂർ ക്ഷേത്രോത്സവം കൊടിക്കയർ സമർപ്പണം – രാവിലെ 8ന്.

## കോതമംഗലം

■ **കാരക്കുന്നം ഫാത്തിമമാത എൽപി സ്കൂൾ** : പ്ലാറ്റിനം ജൂബിലി സമാപനം – ഉദ്ഘാടനം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ – ഉച്ചകഴിഞ്ഞ് 3ന്.

■ **പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി :** വിശുദ്ധ അന്തോണീസിന്റെ തിരുന്നാൾ – രാവിലെ 6 ന് .

ഷൂട്ട് @ സൈറ്റ്



**പ്രദോഷം പ്രഭാപൂരിതം ...................** *അസ്തമയ സൂര്യന്റെ പ്രഭയിൽ സായാഹ്നം ആഘോഷിക്കുന്ന വിനോദ സഞ്ചാരികൾ. ഫോർട്ട് കൊച്ചി ബീച്ചിൽ നിന്നുള്ള ദൃശ്യം*

***ഫോട്ടോ– എ.എസ് സതീഷ്***

# കോളജ് വിദ്യാർഥികൾക്ക് മോക്ക് പോളിംഗ് നടത്തി



*എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വോട്ടർ ഐ.ഡി. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി തൃക്കാക്കര കെ.എം.എം. കോളേജ് , ഇലക്ട്രറൽ ക്ലബ്ബ്, എൻ.എസ്.എസ്. യൂണിറ്റ് എന്നിവരുടെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ മോക്ക് പോളിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. സബ്ന ബക്കർ ഉദ്ഘാടനം ചെയ്യുന്നു. ജോസഫ് ആന്റണി ഹ്യൂർഷ്സ്, കെ.എം നാസർ, റോണി ഫെലിക്സ്, വിനോജ്, വി.എ പാർവ്വതി, അരുൺ, അക്ബർ തുടങ്ങിയവർ സമീപം*

**കൊച്ചി:** എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വോട്ടർ ഐ.ഡി. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി തൃക്കാക്കര കെ.എം.എം. കോളേജ് , ഇലക്ട്രറൽ ക്ലബ്ബ്, എൻ.എസ്.എസ്. യൂണിറ്റ് എന്നിവരുടെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി മോക്ക് പോളിംഗ് നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. സബ്ന ബക്കർ ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ല സ്വീപ് അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹ്യൂർഷ്സ്, ഡെപ്യൂട്ടി കളക്ടർ കെ.എം നാസർ എന്നിവർ മുഖ്യാതിഥികളായി.

വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് പൂണിത്തുറ വില്ലേജ് ഓഫിസർ റോണി ഫെലിക്സ് ക്ലാസ് എടുത്തു. കാക്കനാട് എസ്. വി.ഒ വിനോജ്, കൊച്ചി വി.എ പാർവ്വതി, കണയന്നൂർ ആർ. ഐ അരുൺ, കാക്കനാട് എസ്.വി. ഒ അക്ബർ, എന്നിവർ മോക്ക് പോളിംഗിന് നേതൃത്വം നൽകി. വോട്ട് അവകാശത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഷോർട്ട് ഫിലിം പ്രദർശനവും ഉണ്ടായിരുന്നു.

# ചെറിയ ആശുപത്രികളെ സംരക്ഷിക്കണമെന്ന് ഐ.എം.എ; നാളെ പൊതുജനാരോഗ്യ സംരക്ഷണ ദിനം

**കൊച്ചി:** ചുരുങ്ങിയ ചെലവിൽ മികച്ച ചികിൽസ നൽകുന്ന കേരളത്തിലെ ചെറിയ ആശുപത്രികളെയും ക്ലിനിക്കുകളെയും സംരക്ഷിക്കുന്ന വിധത്തിലാകണം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കേണ്ടതെന്നാവശ്യപ്പെട്ട് ഐ.എം.എയുടെ നേതൃത്വത്തിൽ നാളെ സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ ദിനം ആചരിക്കുമെന്ന് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. എം. എൻ മേനോൻ, സെക്രട്ടറി ഡോ. റോയ് ആർ. ചന്ദ്രൻ എന്നിവർ വാർത്താകുറിപ്പിൽ അറിയിച്ചു.

വിഷയം മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അറിയിച്ചിട്ടുളളതാണ്. ഇക്കാര്യത്തിൽ അടിയന്തര പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് നാളെ സംസ്ഥാനത്തെ ഡി.എം.ഒ ഓഫിസുകൾക്ക് മുന്നിലും ഫെബ്രുവരി 20 ന് സെക്രട്ടറിയേറ്റിന് മുന്നിലും ധർണ്ണ നടത്തുമെന്നും ഐ.എം.എ ഭാരവാഹികൾ അറിയിച്ചു.

ഗ്രാമീണ മേഖലയിൽ മിതമായ നിരക്കിൽ മികച്ച ചികിൽസ നൽകുന്നത് ചെറിയ ആശുപത്രികളാണ്. ഈ സാഹചര്യത്തിൽ 15 കിടക്കകൾ വരെയുള്ള ആശുപത്രികളെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ നിന്നും ഒഴിവാക്കണം. കേരളത്തിലെ ആരോഗ്യ മേഖലയിലെ പ്രധാന ഘടകമാണ് ചെറിയ ആശുപത്രികളും ക്ലിനിക്കുകളും അതുകൊണ്ട് തന്നെ അവയുടെ നിലനിൽപ്പ് പ്രധാനമാണെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി.

## ടൂറിസം ഹബ്ബാകാൻ വൈപ്പിൻ;

# കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതിക്ക് ആവേശകരമായ തുടക്കം

**കൊച്ചി:** പ്രകൃതിഭംഗിയും ചരിത്രസ്മരണകളും തുളുമ്പുന്ന വൈപ്പിൻ മണ്ഡലം ഇനി വലിയൊരു വിനോദസഞ്ചാര കേന്ദ്രമാകുന്നു. കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതിക്ക് ബോൾഗാട്ടിയിൽ തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം കെ.എൻ. ഉണ്ണിക്കൃഷ്ണൻ എംഎൽഎ നിർവഹിച്ചു. നവോത്ഥാന നായകരായ സഹോദരൻ അയ്യപ്പൻ, ദാക്ഷായണി വേലായുധൻ, സിസ്റ്റർ ഏലീശാമ്മ, പി.കെ. ബാലകൃഷ്ണൻ, സർവ്വോദയം കുര്യൻ എന്നിവരുടെ ജന്മനാടിന്റെ ചരിത്രവും കടമക്കുടിയുടെ കായൽ സൗന്ദര്യവും കോർത്തിണക്കിയാണ് യാത്ര ഒരുക്കിയിരിക്കുന്നത്. ആദ്യ യാത്രയുടെ ഭാഗമായി തൊടുപുഴയിൽ നിന്നെത്തിയ അമ്പതംഗ യാത്ര സംഘത്തെ എംഎൽഎ സ്വാഗതം ചെയ്തു.

എറണാകുളം മറൈൻ ഡ്രൈവിലെ വാട്ടർ മെട്രോയിൽ നിന്ന് ആരംഭിക്കുന്ന യാത്ര, ബോൾഗാട്ടി വഴി താന്തോന്നിതുരുത്ത്, ചെറിയാൻതുരുത്ത്, കടമക്കുടി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് നീങ്ങുന്നത്. കായലിന്റെ സൗന്ദര്യം നുകർന്നുകൊണ്ടുള്ള ഈ ജലയാത്ര സഞ്ചാരികൾക്ക് വേറിട്ട അനുഭവം നൽകുന്നു. ഉച്ചഭക്ഷണത്തിന് ശേഷം മാലിപ്പുറം, എളങ്കുന്നപ്പുഴ ബീച്ച് എന്നിവ സന്ദർശിക്കുന്ന രീതിയിലാണ് ട്രിപ്പ് ക്രമീകരിച്ചിരിക്കുന്നത്.

ഉച്ചഭക്ഷണം, ചായ, ലഘുഭക്ഷണം, എൻട്രി ഫീസ് എന്നിവയെല്ലാം ഉൾപ്പെട്ടതാണ് ഈ ബജറ്റ് പാക്കേജ്. മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് അകിലിൻ ലോപ്പസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക മുഖ്യാതിഥിയായി പങ്കെടുത്തു. കേരള ട്രാവൽ മാർട്ട് സെക്രട്ടറി എസ്. സ്വാമിനാഥൻ മുഖ്യപ്രഭാഷണം നടത്തി. കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം എസ് ആന്റണി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബർണാഡ് ബെന്നി, വാർഡ് അംഗം മേരി ഡിഷ ഡിസിൽവ, ബിടിസി സംസ്ഥാന കോ ഓഡിനേറ്റർ ആർ സുനിൽകുമാർ, സംരംഭകൻ മനോജ് പടമാടൻ, എടിഒവി അജിത്ത്, ബിടിസി സ്റ്റേറ്റ് കോ ഓഡിനേറ്റർ ആർ സുനിൽ കുമാർ എന്നിവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

### എ.ഐ.എഫ്.എഫ് പ്രതിനിധികൾ സ്റ്റേഡിയം സന്ദർശിക്കും

# കൊച്ചിയിൽ ഇന്ത്യാ– ഹോങ്കോങ് മൽസരത്തിന് സാധ്യത

**കൊച്ചി:** മെസിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീം കളിക്കാനെത്തുമെന്ന് പറഞ്ഞ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഹോങ്കോങ് ടീം വരുമെന്ന് സ്റ്റേഡിയം ഉടമസ്ഥരായ ജി.സി.ഡി.എ. കേരളത്തിലേക്ക് മെസിയും സംഘവും വരാനുള്ള സാധ്യത ഏറെക്കുറേ അവസാനിച്ചതോടെയാണ് മാർച്ച് 31ന് ഇന്ത്യയും ഹോങ്കോംഗും തമ്മിലുള്ള ഏഷ്യാ കപ്പ് യോഗ്യത മത്സരത്തിന് കൊച്ചി വേദിയാവുമെന്നുള്ള ജി.സി.ഡി.എ ചെയർമാൻ കെ.ചന്ദ്രൻ പിള്ളയുടെ പുതിയ പ്രഖ്യാപനം. മത്സരത്തിന് എഐഎഫ്എഫ് കൊച്ചിയെ പരിഗണിക്കുന്നുണ്ടെന്നും, തീരുമാനം അന്തിമമായിട്ടില്ലെന്നും ചന്ദ്രൻപിള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കൊച്ചിയിലെ നവീകരിച്ച സ്റ്റേഡിയത്തിൽ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ യോഗ്യത മത്സരത്തിന് റാഞ്ചി ബിർസ മുണ്ട സ്റ്റേഡിയത്തെയും എ.ഐ.എഫ്.എഫ് പരിഗണിക്കുണ്ട്. വേദി അന്തിമമായി നിശ്ചയിക്കാൻ എ.ഐ.എഫ്.എഫ് പ്രതിനിധികൾ ഉടൻ സ്റ്റേഡിയം സന്ദർശിച്ചേക്കും. അതേസമയം, ഇത്തവണയും ഹോം ഗ്രൗണ്ടായി കലൂർ സ്റ്റേഡിയത്തിൽ തന്നെ തുടരാൻ തീരുമാനിച്ച കേരള ബ്ലാസ്റ്റേഴ്സ് ഈ സീസണിൽ 9 ഹോം മത്സരങ്ങൾ കളിക്കും. സാമ്പത്തിക പ്രതിസന്ധി കാരണം ഹോം ഗ്രൗണ്ടായി കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയം തിരഞ്ഞെടുക്കാൻ ക്ലബ്ബ് നേരത്തേ ആലോചിച്ചിരുന്നു. എന്നാൽ സമയബന്ധിതമായി സ്റ്റേഡിയം വിട്ടുകിട്ടാത്തതിനാൽ കൊച്ചിയിൽ തന്നെ തുടരാൻ തീരുമാനിക്കുകയായിരുന്നു. ബ്ലാസ്റ്റേഴ്സ് തട്ടകം മാറ്റുന്നതിൽ അപകടം മണത്ത ജിസിഡിഎ വാടക ഇനത്തിൽ ഗണ്യമായ കുറവ് വരുത്തിയതും ക്ലബ്ബിന്റെ തീരുമാനത്തിൽ നിർണായകമായി. കഴിഞ്ഞ എട്ടര ലക്ഷ രൂപയോളം ഒരോ മത്സരത്തിനും ക്ലബ്ബ് ജിസിഡിഎക്ക് വാടക ഇനത്തിൽ നൽകിയിരുന്നു. നിലവിലെ സാഹചര്യത്തിൽ അത് രണ്ട് ലക്ഷമാക്കി കുറച്ചു. ഈ സീസണിൽ മാത്രമായിരിക്കും പ്രത്യേക ഇളവ് അനുവദിക്കുകയെന്ന് ജിസിഡിഎ ക്ലബ്ബിനെ അറിയിച്ചിട്ടുണ്ട്. ഫെബ്രുവരി 22ന് മുംബൈ സിറ്റി എഫ്സിക്കെതിരെയാണ് ബ്ലാസ്റ്റേഴ്സിന്റെ ആദ്യ ഹോം മത്സരം.



പുതിയ പരിശീലകൻ ഡേവിഡ് കറ്റാലയുടെ കീഴിൽ കിരീടം ലക്ഷ്യമിട്ടാണ് മഞ്ഞപ്പട ഇത്തവണ ഇറങ്ങുന്നത്. ഫെബ്രുവരി 28ന് ഇന്റർകാശി, മാർച്ച് 7ന് ചെന്നൈയിൻ എഫ്സി, 21ന് പഞ്ചാബ് എഫ്സി, ഏപ്രിൽ 15ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി, 18ന് ജംഷഡ്പൂർ എഫ്സി, 23ന് ഒഡീഷ എഫ്സി മെയ് 10ന് മുഹമ്മദൻ എസ്സി എന്നിങ്ങനെയാണ് കൊച്ചിയിലെ മറ്റു മത്സരങ്ങൾ. ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും മെയ് 17ന് എഫ്സി ഗോവയുമായുള്ള മത്സരവും കലൂർ സ്റ്റേഡിയത്തിൽ നടക്കും. നാല് മത്സരങ്ങൾ മാത്രമാണ് എവേ വേദിയിൽ.

# തൊഴിലാളികൾക്ക് ഇൻഫർമേഷൻ ഇന്റർഫേസ് സംവിധാനം; രണ്ടാംഘട്ടം തുടങ്ങി

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിലാളികൾക്കുള്ള സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) രാം ഘട്ടത്തിന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നിർവഹിച്ചു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കേരളത്തിലെ എല്ലാ തൊഴിലാളികളെയും ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാക്കി അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ഉറപ്പാക്കും. ഇതിന്റെ ഭാഗമായി തൊഴിലാളികൾക്ക് ആധാർ അധിഷ്ഠിത ഏകീകൃത തിരിച്ചറിയൽ കാർഡുകൾ നൽകും.

ഒരേ തൊഴിലാളിക്ക് ഒന്നിലധികം ബോർഡുകളിൽ അംഗത്വം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കാനും ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും ഈ സംവിധാനം സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു. കാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം സോഫ്റ്റ്വെയർ സജ്ജമാണ്. തനത് സോഫ്റ്റ്വെയർ ഉള്ള ക്ഷേമനിധി ബോർഡുകളിലെ ഡാറ്റ AIIS-ലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. തനത് സോഫ്റ്റ്വെയർ ഇല്ലാത്ത ബോർഡുകൾക്ക് അകകട മുഖേന നേരിട്ട് രജിസ്ട്രേഷൻ നടത്തും. തൊഴിലാളികൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ, അതാത് ക്ഷേമനിധി ബോർഡ് ഓഫീസുകൾ വഴിയോ, സ്വന്തമായോ രജിസ്ട്രേഷൻ നടത്താനും വിവരങ്ങൾ പുതുക്കാനും കഴിയും. ആനുകൂല്യ വിതരണം, അംശദായ ശേഖരണം എന്നിവ ഉൾപ്പെടുത്തിയാണ് അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്.

തൊഴിൽ വകുപ്പിന്റെയും 16 ക്ഷേമനിധി ബോർഡുകളുടെയും കീഴിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇനി മുതൽ ആധാർ അധിഷ്ഠിതമാക്കും. ഇതിനായി ഡകള അകയിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ട്. പ്രക്രിയ പൂർത്തിയാകുന്നതോടെ ആനുകൂല്യങ്ങൾ ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗുകൾ വഴി നേരിട്ട് വിതരണം ചെയ്യും. ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കാനും വിതരണം കൂടുതൽ സുതാര്യമാക്കാനും ഇതിലൂടെ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ വേഗത്തിലാക്കുന്നതിനും പദ്ധതി നിർണായകമായി മാറുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

# ലോക ക്യാൻസർ ദിനം: ക്യാൻസർ രോഗികളുടെ എണ്ണം വർധിക്കുന്നു

**കൊച്ചി:** 'യുണൈറ്റഡ് ബൈ യുണീക്ക്'എന്ന പ്രമേയത്തിൽ രാജ്യം 2026 ലോക ക്യാൻസർ ദിനം ആചരിക്കുമ്പോൾ ചികിത്സയുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റണമെന്ന് ആരോഗ്യ വിദഗ്ധർ. നാഷണൽ ക്യാൻസർ രജിസ്ട്രി പ്രോഗ്രാമിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം, 2023ൽ പുതിയ ക്യാൻസർ കേസുകളുടെ എണ്ണം 14 ലക്ഷം കടന്ന സാഹചര്യത്തിൽ ക്യാൻസർ പരിചരണത്തിന്റെയും ഫലപ്രദമായ വേദന നിയന്ത്രണത്തിന്റെയും ആവശ്യകതയും ആരോഗ്യ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

ഓരോ കാൻസർ യാത്രയും വ്യത്യസ്തമായതിനാൽ ഓരോ രോഗിയുടെയും വേദന, ട്യൂമർ വളർച്ച, നാഡികളെ ബാധിക്കൽ , കീമോതെറാപ്പി, റേഡിയേഷൻ അല്ലെങ്കിൽ ശസ്ത്രക്രിയ പോലുള്ള ചികിത്സകളുടെ പാർശ്വഫലമായി ക്യാൻസറുമായി ബന്ധപ്പെട്ട വേദന ഉണ്ടാകാമെന്ന് എറണാകുളത്തെ ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ കൺസൾട്ടന്റ് മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ജിസ് ജോയ് പറഞ്ഞു.

## പി എസ് സി പ്രായോഗിക പരീക്ഷ

**കൊച്ചി:** എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഡയറക്ട് ആന്റ് ബയ് ട്രാൻസ്ഫർ) (കാറ്റഗറി നമ്പർ 621/2024 & 622/2024) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായുള്ള പ്രായോഗിക പരീക്ഷ ഫെബ്രുവരി 17 മുതൽ 24 വരെയുള്ള തീയതികളിൽ കളമശ്ശേരി ഡി എച്ച് ക്യു ക്യാമ്പ് പോലീസ് പരേഡ് ഗ്രൗണ്ടിൽ നടക്കും. ഉദ്യോഗാർത്ഥികൾ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള തീയതിയിൽ പരീക്ഷാ കേന്ദ്രത്തിൽ രാവിലെ 5.30 ന് അഡ്മിഷൻ ടിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

## അഭിമുഖം മാറ്റിവെച്ചു

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ കരാർ അടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക് ഫെബ്രുവരി 17 ന് നടത്താനിരുന്ന അഭിമുഖം മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് കോളേജ് വെബ്സൈറ്റിലൂടെ (www.maharajas.ac.in) അറിയിക്കുന്നതാണ്.

## പടവുകൾ പദ്ധതി: അപേക്ഷാ തീയതി നീട്ടി

**കൊച്ചി:** വനിത ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന 'പടവുകൾ' പദ്ധതിയിലേക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. 2024 25, 2025–26 വർഷത്തെ അപേക്ഷകൾ മാർച്ച് 20 വരെ സമർപ്പിക്കാം. മുൻ വർഷങ്ങളിലെ (2022–23, 2023–24) അപേക്ഷകൾ സമർപ്പിക്കാനുള്ളവർ ഫെബ്രുവരി 20നകം അപേക്ഷ നൽകണം. അപേക്ഷകർ https://www.google.com/search?q=http://www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ : 0484 2952949.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള നോർത്ത് പറവൂർ ഐസിഡിഎസ് പ്രോജക്ടിന് കീഴിലെ 179 അങ്കണവാടികളിലേക്ക് 2025-26 വർഷത്തെ പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ജിഎസ്ടി രജിസ്ട്രേഷനുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടെൻഡറുകൾ സമർപ്പിക്കാവുന്നതാണ്. ഫെബ്രുവരി 26 ഉച്ചയ്ക്ക് 1 വരെ ടെൻഡർ സമർപ്പിക്കാവുന്നതാണ്.

## ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ കോഴ്സ്

**കൊച്ചി:** തവനൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.എസ്.ഡി.സി അംഗീകാരമുള്ള ഈ കോഴ്സ്, ഇലക്ട്രിക് വാഹന മേഖലയിൽ തൊഴിൽ ആഗ്രഹിക്കുന്നവർക്ക് വലിയൊരു അവസരമാണ് നൽകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 100 ശതമാനം സ്കോളർഷിപ്പോടെ ഈ കോഴ്സ് സൗജന്യമായി പഠിക്കാൻ സാധിക്കും.ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക് അല്ലെങ്കിൽ പ്ലസ് ടു കഴിഞ്ഞവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ 2026 ഫെബ്രുവരി 23ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. താൽപ്പര്യമുള്ളവർ https://forms.gle/WbFPzassFs6QBUR36 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ 9495999658

## ജൂനിയർ ഇൻസ്ട്രക്ടർ പരീക്ഷ മാറ്റി: പുതുക്കിയ തീയതി ഫെബ്രുവരി 21

**കൊച്ചി:** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഫെബ്രുവരി 12ന് നടത്താനിരുന്ന ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ആന്റ് ഡിസൈനിങ് ഡയറക്റ്റ് റിക്രൂട്ട്മെന്റ് ഇൻ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഡിപ്പാർട്മെന്റ് 580/2024) ഓൺലൈൻ പരീക്ഷ മാറ്റി വെച്ചു. പുതുക്കിയ നിശ്ചയപ്രകാരം പരീക്ഷ ഫെബ്രുവരി 21ന് നടത്തുന്നതാണ്. പരീക്ഷാ സമയത്തിലോ, കേന്ദ്രങ്ങളിലോ മറ്റ് നിബന്ധനകളിലോ മാറ്റമുണ്ടാകില്ല.

## കൊച്ചി മെട്രോ രണ്ടാം ഘട്ടം; 1016.24 കോടി രൂപ വായ്പക്ക് അനുമതി

**കൊച്ചി:** ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിൽ നിന്നും 1016.24 കോടി രൂപ വായ്പ എടുക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് സംസ്ഥാന മന്ത്രിസഭ അനുമതി നൽകി. ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കുമായുള്ള വായ്പാ കരാറിലും പദ്ധതി കരാറിലും ഏർപ്പെടുന്നതിന് കെ.എം.ആർ.എൽ നെ ചുമതലപ്പെടുത്തി.

## നിക്ഷേപക അവബോധം: കോമിക് പരമ്പരയുമായി സിഡിഎസ്എൽ



**കൊച്ചി:** സാമ്പത്തിക വിഷയങ്ങളെ ആകർഷകമായ കഥാധിഷ്ഠിത വിവരണങ്ങളാക്കിയുള്ള നിക്ഷേപക അവബോധവുമായി സിഡിഎസ്എൽ (സെൻട്രൽ ഡിപ്പോസിറ്ററി സർവ്വീസസ് ലിമിറ്റഡ്). അമർ ചിത്ര കഥയുമായി സഹകരിച്ചാണ് ഈ കോമിക് പരമ്പര പുറത്തിറക്കിയത്. സിഡിഎസ്എലിന്റെ മൂന്നാം വാർഷിക സിമ്പോസിയമായ 'റീ ഇമാജിൻ: സെക്യൂരിറ്റീസ് മാർക്കറ്റ് ത്രൂ ഡാറ്റ സിനർജി'യിൽ വെച്ച് സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെ കോമിക്ക് പരമ്പര പ്രകാശനം ചെയ്തു. കഥകളിലൂടെ നിക്ഷേപക അവബോധം ശക്തിപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മറാത്തി, ഗുജറാത്തി, അസമീസ്, ബംഗാളി, പഞ്ചാബി, തമിഴ്, തെലുങ്ക്, കന്നഡ, ഒറിയ എന്നീ 12 ഭാഷകളിൽ കോമിക് പരമ്പര ലഭ്യമാണ്. കോമിക് കഥകൾ www.cdslipf.com എന്ന ലിങ്കിൽ വായിക്കാം.

## ഹൈസെൻസ് ഇന്ത്യയിലെ ആദ്യ നിർമാണശാല ആരംഭിച്ചു




**കൊച്ചി:** കൺസ്യൂമർ ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസസ് രംഗത്തെ ആഗോള മുൻനിരക്കാരായ ഹൈസൻസ് തങ്ങളുടെ ഇന്ത്യയിലെ ആദ്യ നിർമാണശാല ഉദ്ഘാടനം ചെയ്തു. എപാക് ഡ്യൂറബിൾസിന്റെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ എപാക് മാനുഫാക്ടറിങ് ടെക്നോളജീസുമായുള്ള സംയുക്ത സംരംഭത്തിലൂടെയാണ് ആന്ധ്രാ പ്രദേശിലെ ശ്രീ സിറ്റിയിൽ ഇതിനു തുടക്കം കുറിച്ചത്. 30 ദശലക്ഷം ഡോളർ നിക്ഷേപവുമായി വികസിപ്പിച്ച ഇത് ഹൈസെൻസിന്റെ ഇന്ത്യയ്ക്ക് വേിയുള്ള സുപ്രധാന ചുവടുവെപ്പാണ്. 2026 ഫെബ്രുവരി മുതൽ ഇവിടെ നിന്നുള്ള വാണിജ്യ ഉൽപാദനം ആരംഭിക്കും.

## ജീവനക്കാരിൽ 50 ശതമാനം വനിതാ പങ്കാളിത്തം ലക്ഷ്യമിട്ട് വേദാന്ത

**കൊച്ചി:** ജീവനക്കാരിൽ 50 ശതമാനം വനിതകൾ എന്ന ലക്ഷ്യത്തോടെയാണ് തങ്ങളുടെ മുന്നോട്ടുള്ള പ്രയാണം തുടരുന്നതെന്ന് ശാസ്ത്ര രംഗത്തുള്ള വനിതകളുടേയും പെൺകുട്ടികളുടേയും അന്താരാഷ്ട്ര ദിനത്തോട് അനുബന്ധിച്ച് വേദാന്ത പ്രഖ്യാപിച്ചു. ശാസ്ത്ര, സാങ്കേതിക, എഞ്ചിനീയറിങ്, ഗണിത ബിരുദധാരികളിൽ നിന്ന് നിയമിച്ചവരിൽ 35 ശതമാനത്തിലേറെയും വനിതകളാണെന്നും വേദാന്ത നോൺ എക്സിക്യൂട്ടീവ് ഡയറക്ടറും ഹിന്ദുസ്ഥാൻ സിങ്ക് ചെയർപേഴ്സണുമായ പ്രിയ അഗർവാൾ ഹെബ്ബർ പറഞ്ഞു. ഈ അടിത്തറയുമായാണ് ശാസ്ത്ര, സാങ്കേതികവിദ്യാ, എഞ്ചിനീയറിങ്, ഗണിത മേഖലകളിൽ നിയമിക്കുന്നവരിൽ 50 ശതമാനം വനിതകളായിരിക്കണം എന്ന ലക്ഷ്യം നിശ്ചയിച്ചത്. ഇന്ത്യയിലെ ലോഹ, ഖനന, നിർമാണ, ഊർജ്ജ മേഖലകളിൽ വലിയ മാറ്റത്തിന്റെ തുടക്കമാണ് ഇതിലൂടെ സാധ്യമാകുന്നത്. മുഖ്യ വ്യവസായ മേഖലകളിലെ വനിതാ പങ്കാളിത്തം ഗണ്യമായ രീതിയിൽ വർധിപ്പിക്കുന്ന വിധത്തിലാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി വേദാന്ത മുന്നോട്ടു പോകുന്നത്. യഥാർത്ഥ ആത്മനിർഭർ, വികസിത് ഭാരതത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തിനു രൂപം നൽകുന്നത് ശാസ്ത്ര, സാങ്കേതികവിദ്യാ മേഖലകളായിരിക്കുമെന്നും പ്രിയ അഗർവാൾ ഹെബ്ബർ പറഞ്ഞു. വനിതാ മൈനർമാരെ ആദ്യമായി ഖനികൾക്കുള്ളിലേക്ക് അയച്ചതും ഖനികളിലെ രാത്രി ഷിഫ്റ്റുകളിൽ നിയോഗിച്ചതും വേദാന്തയാണ്. നേതൃ നിരയിലേക്കു കടക്കാനുള്ള തീരുമാനമെടുക്കാൻ ഇതു പെൺകുട്ടികളെ പ്രേരിപ്പിക്കുന്നതായും പ്രിയ അഗർവാൾ ഹെബ്ബർ കൂട്ടിച്ചേർത്തു.

# വിഗാർഡ് ഇന്നൊവേഷൻ ക്യാംപസ്; ആദ്യ ഘട്ടം പ്രവർത്തനം തുടങ്ങി



**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ബ്രാൻഡായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അത്യാധുനിക 'ഇന്നൊവേഷൻ കാമ്പസി'ന്റെ ഒന്നാം ഘട്ടം കാക്കനാട് കിൻഫ്ര ഇഎംസി പാർക്കിൽ പ്രവർത്തനാമാരംഭിച്ചു. മന്ത്രി പി. രാജീവ് ഇന്നൊവേഷൻ കാമ്പസിന്റെ സോഫ്റ്റ് ലോഞ്ച് നിർവഹിച്ചു. തൃക്കാക്കര എം.എൽ.എ ഉമ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വിഗാർഡ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഷീല കൊച്ചൗസേപ്പ്, മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി, ഡയറക്ടറും സിഒഒയുമായ രാമചന്ദ്രൻ .വി, എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റണി സെബാസ്റ്റ്യൻ, വിഗാർഡ് ഫൗഷേൻ ഡയറക്ടർ ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളി, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

ഗവേഷണത്തിനും നൂതന സാങ്കേതികവിദ്യകൾക്കും മുൻഗണന നൽകുന്ന വിഗാർഡിന്റെ ഈ പുതിയ ഇന്നൊവേഷൻ ക്യാംപസ് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് പുതിയ ദിശാബോധം നൽകും. ആധുനിക ലാബുകളും സുസ്ഥിര നിർമ്മാണ രീതികളും കോർത്തിണക്കിയ ഈ ക്യാംപസ് ഇലക്ട്രോണിക്സ് രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നും ഉദ്ഘാടന വേളയിൽ മന്ത്രി പി. രാജീവ് പറഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനൊപ്പം അത്യാധുനിക സൗകര്യങ്ങളുള്ള ഇത്തരം സംരംഭങ്ങൾ കേരളത്തിലേക്ക് കൂടുതൽ നിക്ഷേപങ്ങളെ ആകർഷിക്കാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 1977ൽ ഒരു ചെറിയ നിർമ്മാണ യൂണിറ്റായി തുടങ്ങി ഇന്ന് 49ാം വർഷത്തിലെത്തി നിൽക്കുമ്പോൾ 5,500 കോടി രൂപ വിറ്റുവരവുള്ള ദേശീയ ബ്രാൻഡായി വളർന്ന വിഗാർഡിന്റെ ചരിത്രത്തിലെ നിർണ്ണായക നാഴികക്കല്ലാണിത്.

120 കോടി രൂപയിലേറെ മുതൽമുടക്കിൽ മൂന്ന് ഏക്കറിലായി 1,10,338 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന കാമ്പസിന്റെ ഒന്നാം ഘട്ടത്തിൽ അത്യാധുനിക ഇലക്ട്രോണിക്സ് ആർ ആൻഡ് ഡി ലാബുകൾ, ഐഒടി ലാബ്, റിലയബിലിറ്റി ലാബ്, പ്രോഡക്ട് ഡിസൈൻ സ്റ്റുഡിയോ, ലേണിംഗ് സെന്റർ, കൺസ്യൂമർ ഇൻസൈറ്റ് റൂമുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ നൽകുക വഴി ഉപഭോക്താക്കളുടെ മനസ്സുകളിൽ വിശ്വാസയോഗ്യമായ ബ്രാൻഡായി വിഗാർഡ് വളർന്നു കഴിഞ്ഞു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വിപണിയിൽ നൂതനമായ രൂപകൽപ്പനയിലും സാങ്കേതിക വിദ്യയിലും ഊന്നൽ നൽകി കൂടുതൽ മികവോടെ ഉത്പന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കുവാൻ ഇന്നൊവേഷൻ ക്യാംപസ് സഹായകമാകുമെന്നാണ് പ്രതീക്ഷയെന്ന് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

# റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് സതേൺ ഹെൽത്ത് ഫുഡ്സ് ഏറ്റെടുത്തു

**കൊച്ചി/ബെംഗളൂരു:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എഫ്.എം.സി.ജി വിഭാഗമായ റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ്, തമിഴ്നാട്ടിലെ പ്രമുഖ ഹെൽത്ത് ഫുഡ് നിർമ്മാതാക്കളായ സതേൺ ഹെൽത്ത് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിനെ ഏറ്റെടുത്തു. 'മന്ന' എന്ന ഫ്ലാഗ്ഷിപ്പ് ബ്രാൻഡിലൂടെ അറിയപ്പെടുന്ന ഈ കമ്പനി ഇരുപത് വർഷത്തിലേറെയായി വൈവിധ്യമാർന്ന ആരോഗ്യകരമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്ന പ്രമുഖ സ്ഥാപനമാണ്. മന്നയുടെ ഏറ്റെടുക്കൽ റിലയൻസിന്റെ ഫുഡ്സ് ആൻഡ് സ്റ്റേപ്പിൾസ് പോർട്ട്ഫോളിയോയ്ക്ക് കൂടുതൽ കരുത്തേകുന്നു.

ഇതിനകം തന്നെ ഉദയം, ഇൻഡിപെൻഡൻസ്, സിൽ എന്നീ ബ്രാൻഡുകൾ ഉൾപ്പെടുന്ന റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ്ന്റെ ശ്രേണിയിൽ ഉണ്ട് . തമിഴ്നാട്ടിലെ ഹെൽത്ത്ഫോക്കസ്ഡ് ഫുഡ് മാർക്കറ്റിൽ അറിയപ്പെടുന്ന പേരുകളിൽ ഒന്നാണ് മന്ന. സമീപ സംസ്ഥാനങ്ങളിലും ശ്രദ്ധേയമായ സാന്നിധ്യമുണ്ട്. മില്ലറ്റ് അടിസ്ഥാനത്തിലുള്ള സ്റ്റേപ്പിൾസ്, മിക്സുകൾ, പാനീയങ്ങൾ, കുഞ്ഞു




ങ്ങൾക്കുള്ള ഭക്ഷണങ്ങൾ തുടങ്ങിയ ആരോഗ്യകരമായ ഉൽപ്പന്നങ്ങളാൽ ഇത് അറിയപ്പെടുന്നു.റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ്ന്റെ പാക്കേജ്ഡ് ഫുഡ്സ് പോർട്ട്ഫോളിയോയ്ക്ക് കൂടുതൽ ശക്തി നൽകുന്നതോടൊപ്പം, ഉപഭോക്താക്കൾക്ക് മികച്ച പോഷകഭക്ഷണം നൽകുന്നതിലും മന്നയുടെ ചേർക്കൽ സഹായിക്കുമെന്ന് റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഡയറക്ടർ ടി. കൃഷ്ണകുമാർ പറഞ്ഞു.

# സൗജന്യ ആയുർവേദ ആരോഗ്യ ക്ലിനിക്ക് സംഘടിപ്പിക്കുന്നു

**കൊച്ചി:** അപ്പോളോ ആയുർവേദ് എറണാകുളം കടവന്ത്ര സെന്ററിൽ ഇന്ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയുർവേദ പ്രത്യുത്പാദന ആരോഗ്യ ക്ലിനിക്ക് സംഘടിപ്പിക്കുന്നു. ക്ലിനിക്കിൽ പ്രത്യുത്പാദന ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾക്ക് സൗജന്യമായ വിദഗ്ദ്ധ ആയുർവേദ കൺസൾട്ടേഷനുകൾ ലഭ്യമാകും. ഇതിൽ കൗമാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആർത്തവാരംഭ സമയത്തെ പ്രശ്നങ്ങൾ പിസിഒഎസ്പിസിഒഡി, ആർത്തവ വ്യതിയാനങ്ങൾ, എൻഡോമെട്രിയോസിസ്, ഗർഭാശയ മുഴകൾ, വന്ധ്യതാ പ്രശ്നങ്ങൾ, ആർത്തവവിരാമവുമായി ബന്ധപ്പെട്ട ആശങ്കകൾ എന്നിവയ്ക്കുള്ള വിദഗ്ദ്ധ കൺസൾട്ടേഷനുകൾ ലഭ്യമാകും.

ഹോർമോൺ വ്യതിയാനങ്ങൾ, ജീവിതശൈലിയിലെ സമ്മർദ്ദങ്ങൾ, ചികിത്സ തേടുന്നതിലെ കാലതാമസം എന്നിവ എല്ലാ പ്രായത്തിലുള്ള സ്ത്രീകളുടെയും ആരോഗ്യത്തെ ബാധിക്കുന്ന സാഹചര്യത്തിൽ രോഗത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനും വ്യക്തിഗതമായ ആയുർവേദ പരിചരണം നൽകുന്നതിനും മുൻഗണന നൽകുന്നു.

# അഞ്ചു ദിവസത്തെ പ്രവൃത്തി വാരം; ആശങ്ക രേഖപ്പെടുത്തി കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ്

**കൊച്ചി:** സർക്കാർ വകുപ്പുകളിൽ അഞ്ച് ദിവസത്തെ പ്രവൃത്തി വാരം നടപ്പിലാക്കാനുള്ള നിർദേശത്തിൽ ആശങ്ക രേഖപ്പെടുത്തി കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി കേരള ചീഫ് സെക്രട്ടറിയ്ക്ക് നിവേദനം സമർപ്പിച്ചു. തൊഴിലാളി ക്ഷേമത്തിന്റെ പ്രാധാന്യം അംഗീകരിച്ചുകൊും എന്നാൽ പൊതു സേവന വിതരണം, വ്യവസായ ഉത്പാദനക്ഷമത, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയിൽ ഉാകാവുന്ന പ്രതിഫലനങ്ങൾ ചൂണ്ടിക്കാട്ടിയുമാണ് നിവേദനം നൽകിയത്. വ്യാപാരം, നിക്ഷേപം, നിയമാനുസൃത അനുമതികൾ, പൗര സേവനങ്ങൾ എന്നിവയ്ക്ക് സർക്കാർ ഓഫീസുകൾ നിർണായക കേന്ദ്രങ്ങളായതിനാൽ അവയുടെ തുടർച്ചയായ പ്രവർത്തനം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു. അനുമതികളും ക്ലിയറൻസുകളും ലഭിക്കാനുള്ള സമയം വൈകൽ വർധിക്കാനുള്ള സാധ്യതയും വ്യവസായങ്ങൾക്കും പൗരന്മാർക്കും ഉത്പാദന സമയം നഷ്ടപ്പെടൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മേഖലയിൽ പ്രതികൂല ധാരണ രൂപപ്പെടൽ എന്നിവയെ ഉൾപ്പെടെ പുതിയ നിലപാടുകൾ സ്വാധീനിക്കും. നിലവിലുള്ള ആറ് ദിവസത്തെ പ്രവൃത്തി സംവിധാനത്തിലും ഫയൽ പ്രോസസ്സിംഗ്, ലൈസൻസിംഗ്, വകുപ്പുകൾ തമ്മിലുള്ള ഏകോപനം എന്നിവയിൽ ഗണ്യമായ വൈകലുകൾ അനുഭവപ്പെടുന്നുണ്ടെന്ന് ചേംബർ ചൂണ്ടിക്കാട്ടി. തൊഴിലാളി ക്ഷേമത്തെ കുറിച്ചുള്ള വിമർശനമല്ലെന്നും 400ലധികം വ്യാപാര വ്യവസായ സംഘടനകളെ പ്രതിനിധീകരിക്കുന്നെന്ന നിലയിൽ സർക്കാർ സേവനങ്ങളുടെ ലഭ്യതയിൽ ഉണ്ടാകുന്ന ഏതൊരു കുറവും സംരംഭങ്ങളുടെ ഉത്പാദനക്ഷമതയെയും നിലനിൽപ്പിനെയും നേരിട്ട് ബാധിക്കുന്നതാണെന്ന് തങ്ങൾക്ക് ഉന്നയിക്കേണ്ട ബാധ്യതയുണ്ടെന്ന് ചേംബർ പ്രസിഡന്റ് വിനോദിനി സുകുമാർ പറഞ്ഞു. സർക്കാർ സേവനങ്ങളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ, സമയബന്ധിത അനുമതി ഉറപ്പാക്കൽ, പൊതുസേവന വിതരണത്തിൽ പ്രതികൂല സ്വാധീനം ഇല്ലെന്നു തെളിയിക്കുന്ന വിജയകരമായ പൈലറ്റ് പദ്ധതി എന്നിവ നടപ്പിലാക്കിയ ശേഷമേ ഇത്തരം ഘടനാപരമായ മാറ്റം നടപ്പാക്കാവൂ എന്നും അവർ പറഞ്ഞു. നടപ്പാക്കുന്നതിന് മുമ്പ് സമഗ്ര പങ്കാളിത്ത ആശയവിനിമയം സാധ്യമാക്കണമെന്നും ചേംബർ ആവശ്യപ്പെട്ടു.

# ഒടിടി തട്ടിപ്പ്: എ.ഐ അധിഷ്ഠിത സംരക്ഷണം അവതരിപ്പിച്ച് എയർടെൽ

**കൊച്ചി :** എയർടെൽ സ്പാമിനെതിരായി തുടരുന്ന പോരാട്ടത്തിന്റെ ഭാഗമായി ഒറ്റത്തവണ പാസ് വേഡുമായി (ഒടിപി) ബന്ധപ്പെട്ട ബാങ്ക് തട്ടിപ്പുകളിൽനിന്നും ഉപഭോക്താക്കളെ തത്സമയം സംരക്ഷിക്കുന്നതിനുള്ള നൂതനമായ എഐ അധിഷ്ഠിത ഫ്രോഡ് അലെർട്ട് അവതരിപ്പിച്ച് എയർടെൽ. ഓൺലൈൻ ഡെലിവറി പോലുള്ള ദൈനംദിന സേവനങ്ങൾക്കായുള്ള ഒടിപികളെ തട്ടിപ്പുകാർ ചൂഷണം ചെയ്യുകയും ഉപഭോക്താക്കളെ പറ്റിച്ച് ബാങ്ക് ഇടപാടിനുള്ള ഒടിപികൾ തട്ടിയെടുക്കുകയും അതിലൂടെ ഉപഭോക്താക്കളുടെ അക്കൗിലെ പണം തട്ടിയെടുക്കുന്നതിന് തടയിടാൻ ഈ സംവിധാനത്തിന് സാധിക്കും. എയർടെല്ലിന്റെ ഈ നൂതന സംവിധാനം ഇത്തരം തട്ടിപ്പ് സാഹചര്യങ്ങൾ തിരിച്ചറിയുകയും അതിലുൾപ്പെടുന്ന ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

എയർടെല്ലിന്റെ പുതിയ എഐ അധിഷ്ഠിത സംവിധാനം ഒടിപി തട്ടിപ്പ് സാഹചര്യങ്ങളെ തിരിച്ചറിഞ്ഞ് ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകുകയും തട്ടിപ്പാകാൻ സാധ്യതയുള്ള ഇൻകമിങ് കോളിന് ഇടയിൽ ഒരു ബാങ്ക് ഒടിപി ഉപഭോക്താവിന്റെ ഫോണിലേക്ക് വരുന്നുവെന്ന് കണ്ടെത്തിയാൽ, എയർടെൽ തത്സമയം ഇടപെടുകയും ആ ഒടിപി ഉപയോഗിച്ചുള്ള ബാങ്ക് ഇടപാടിന് അനുമതി നൽകിയാലുള്ള അപകട സാധ്യതയെക്കുറിച്ച് ആ ഫോൺ സംഭാഷണത്തിന് ഇടയിൽ തന്നെ ഉപഭോക്താവിന് മുന്നറിയിപ്പ് നൽകുകയും ചെയ്യും. എഐ അധിഷ്ഠിത ഇന്റലിജൻസും മനുഷ്യരുടെ വിവേചനബുദ്ധിയും ചേർന്നുള്ള ശക്തമായ കൂട്ടുകെട്ട് ഉപഭോക്താക്കൾക്ക് ചിന്തിക്കാനും വെരിഫൈ ചെയ്യാനും അവരുടെ സുരക്ഷയുടെമേൽ നിയന്ത്രണം നൽകാനും നിർണ്ണായക സമയം നൽകുന്നു. ഇതുവഴി തട്ടിപ്പുകാരുടെ ചൂഷണ സാധ്യതയെ ഇല്ലാതാക്കും ചെയ്യുന്നുവെന്ന് എയർടെൽ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ശാശ്വത് ശർമ്മ പറഞ്ഞു.

# സൈബർപാർക്കിലെ പ്രവർത്തനം വിപുലീകരിച്ച് അയോകോഡ്

**കോഴിക്കോട്:** കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ സാങ്കേതികവിദ്യാ കമ്പനിയായ അയോകോഡ്' വിപുലീകരിച്ച ഓഫീസ് ഗവ. സൈബർ പാർക്കിൽ ഉദ്ഘാടനം ചെയ്തു. 'ഈസിഫൈ ആപ്പ്' ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആദം ഷാർട്സ് ഉദ്ഘാടനം നിർവഹിച്ചു. 'മർച്ചന്റ് മാർക്കറ്റ് പ്ലേസ്' ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പോൾ ബോക്സർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. വൻകിട മെട്രോ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള ഐടി വ്യവസായ രീതികളിൽ നിന്ന് മാറി, രണ്ടാം നിര നഗരങ്ങളിൽ ആഗോള നിലവാരമുള്ള സാങ്കേതിക കേന്ദ്രങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യമാണ് അയോകോഡ് ഈ നീക്കത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. മെട്രോ നഗരങ്ങളിലെ തിരക്ക് കാരണം ഐടി മേഖല മാറി ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ, കോഴിക്കോടിനെ പോലുള്ള നഗരങ്ങളിലേക്ക് ഉന്നത നിലവാരമുള്ള തൊഴിലവസരങ്ങൾ എത്തിക്കുന്നത് വലിയ മാറ്റങ്ങൾക്ക് വഴിവെക്കും. വരും കാലങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സംവിധാനങ്ങൾ, കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോമുകൾ, സാസ് ഉൽപ്പന്നങ്ങൾ, ഓട്ടോമേഷൻ ഫ്രെയിംവർക്കുകൾ തുടങ്ങിയ മേഖലകളിലാകും സൈബർപാർക്കിലെ ടീം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുക. കേവലം ഒരു തൊഴിലിടം എന്നതിലുപരി ഗവേഷണങ്ങൾക്കും നൂതനമായ ഉൽപ്പന്നങ്ങളുടെ വികസനത്തിനും മുൻഗണന നൽകുന്ന രീതിയിലാണ് പുതിയ ഓഫീസ് ഒരുക്കിയിരിക്കുന്നത്. ജോലി തേടി മെട്രോ നഗരങ്ങളിലേക്ക് കുടിയേറുന്ന രീതിയാണ് പൊതുവെ കണ്ടുവരുന്നതെന്ന് അയോകോഡ് സ്ഥാപകനും സി.ഇ.ഒയുമായ ഫാസിൽ കെ.കെ പറഞ്ഞു. ഈ രീതിക്ക് മാറ്റം വരുത്തി സ്വന്തം നാട്ടിൽ തന്നെ ആഗോള നിലവാരമുള്ള കരിയർ കെട്ടിപ്പടുക്കാനുള്ള അവസരം ഒരുക്കുകയാണ് തങ്ങളുടെ ലക്ഷ്യം. കമ്പനിയുടെ പ്രവർത്തന അടിത്തറയും ജനകേന്ദ്രീകൃതമായ തൊഴിൽ സംസ്കാരവും പുതിയ ഓഫീസ് വഴി കൂടുതൽ ശക്തിപ്പെടുമെന്ന് ഡയറക്ടറും സി.ഒ.ഒയുമായ ഫസ്ന കെ.കെ കൂട്ടിച്ചേർത്തു.

## സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**കോഴിക്കോട് :** സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവത്കരണ ക്ലാസ്സ് നടക്കാവ് ഹോളി ക്രോസ് കോളേജിൽ സംഘടിപ്പിച്ചു. കോളേജിലെ വുമൺസ് ഡവലപ്പ്മെന്റ് സെൽ, ബജാജ് ഫിനാൻസ് ലിമിറ്റഡുമായി സഹകരിച്ചാണ് നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചത്. കോഴിക്കോട് സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ബീരജ് കെ, റിട്ടയേർഡ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സി. രാജു തുടങ്ങിയവർ പങ്കെടുത്തു. ഡിജിറ്റൽ തട്ടിപ്പുകളുടെ വർദ്ധിച്ചുവരുന്ന ഭീഷണി എടുത്തുകാണിച്ചുകൊണ്ട്, പോലീസ് ഓഫീസർ ബീരജ് കൂടുതൽ പൊതുജന ജാഗ്രതയുടെ ആവശ്യകത ഊന്നിപ്പറഞ്ഞു. അസാധാരണമായി ഉയർന്ന വരുമാനം വാഗ്ദാനം ചെയ്യുന്ന ഏതൊരു സാമ്പത്തിക ഇടപാടും തട്ടിപ്പിനുള്ള ഒരു മുന്നറിയിപ്പാണെന്ന് നാം തിരിച്ചറിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് പ്രോഗ്രാം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എൻബിഎഫ്സികൾക്കുള്ള 2024 ലെ ഫ്രോഡ് റിസ്ക് മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

## യുവജനോൽസവം സംഘടിപ്പിച്ചു

**കൊച്ചി:** മാർവാഡി സർവ്വകലാശാല സംഘടിപ്പിച്ച തങ്ങളുടെ പതാകവാഹക സാംസ്ക്കാരിക പരിപാടിയായ എമുലേറ്റ് 2026 യുവജനോൽസവം വിവിധ കോളേജുകളിൽ നിന്നുള്ള 15,000ത്തിൽ ഏറെ വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. മുൻപ് എംയു ഫെസ്റ്റ് എന്ന പേരിൽ നടത്തിയിരുന്ന ഈ പരിപാടിയിൽ ഇത്തവണ വൈവിധ്യമാർന്ന എഴുപതിലേറെ ഇനങ്ങളാണ് ഉണ്ടായിരുന്നത്. കല, സംസ്ക്കാരം, ചർച്ചകൾ, വിനോദം എന്നിവയെല്ലാം ഒരു വേദിയിൽ എത്തിക്കുന്നതായിരുന്നു പരിപാടിയെന്ന് മാർവാഡി സർവ്വകലാശാലാ ട്രസ്റ്റി ധ്രുവ് മാർവാഡി പറഞ്ഞു. പുതുമയും സമകാലീന ഡിസൈനുകളും അവതരിപ്പിക്കുന്ന ഫാഷൻ ഷോയും പരിപാടികളുടെ ഭാഗമായി അവതരിപ്പിച്ചിരുന്നു.

## സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. രജിസ്ട്രാർ ഡോ. മോത്തി ജോർജ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ ഡയറക്ടർ ഡോ. ജോസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. പ്ലേസ്മെന്റ് ഓഫീസർ ഡോ. ശ്യാമള കെ, രാജേഷ് ടി. സി, ഡെന്നീസ് ജോസ്, ശ്രീലത വി. യു. എന്നിവർ പ്രസംഗിച്ചു. ഡെന്നീസ് ജോസ് ക്ലാസ് നയിച്ചു.

## സീ കേരളം 'ഡ്രാമ ജൂനിയേഴ്സ്' സീസൺ 2 ഗ്രാൻഡ് പ്രീമിയർ ഫെബ്രുവരി 14ന്

**കൊച്ചി:** കേരളത്തിലെ മുൻനിര വിനോദ ചാനലായ സീ കേരളം, കുട്ടിപ്രതിഭകളുടെ മികച്ച പ്രകടനം കൊ് ജനപ്രീതിയാർജ്ജിച്ച 'ഡ്രാമ ജൂനിയേഴ്സ്' ടാലന്റ് ഷോയുടെ രാം സീസണുമായി എത്തുന്നു. ഡ്രാമ ജൂനിയേഴ്സ് സീസൺ 2ന്റെ ഗ്രാൻഡ് പ്രീമിയർ ഫെബ്രുവരി 14 ശനിയാഴ്ച സീ കേരളം ചാനലിൽ സംപ്രേഷണം ചെയ്യും. 4 മുതൽ 14 വയസ്സ് വരെ പ്രായമുള്ള മത്സരാർത്ഥികൾ വിവിധ സാമൂഹിക വിഷയങ്ങളെ ആസ്പദമാക്കി തയാറാക്കിയ സ്കിറ്റുകളിലൂടെ തങ്ങളുടെ അഭിനയ മികവ് മാറ്റുരയ്ക്കും. വിധികർത്താക്കളുടെ പാനലിൽ വരുത്തിയിട്ടുള്ള പുതുമയാണ് ഈ സീസണിന്റെ മറ്റൊരു പ്രത്യേകത. പ്രശസ്ത താരങ്ങളായ അംബികയ്ക്കും മിയ ജോർജിനുമൊപ്പം മണിക്കുട്ടൻ കൂടി ചേരും. പരിപാടിയുടെ അവതാരകനായി ജീവ തുടരും. കേരളത്തിലെ 14 ജില്ലകളിലായി സംഘടിപ്പിച്ച വിപുലമായ ഓഡിഷനുകളിലൂടെയാണ് മത്സരാർത്ഥികളെ തിരഞ്ഞെടുത്തത്.

## സർട്ടിഫൈഡ് ഇലക്ട്രിക് ട്രക്കുമായി മോൺട്ര ഇലക്ട്രിക്

**കൊച്ചി:** മുരുഗപ്പ ഗ്രൂപ്പിന്റെ ഭാഗമായ മോൺട്ര ഇലക്ട്രിക് പിഎംഇ ഡ്രൈവ് സർട്ടിഫൈഡ് ഇലക്ട്രിക് ട്രക്ക് പുറത്തിറക്കി. മോൺട്ര ഇലക്ട്രിക് ചെയർമാൻ അരുൺ മുരുഗപ്പൻ ആദ്യത്തെ പിഎംഇ ഡ്രൈവ് സർട്ടിഫൈഡ് റിനോ 5538 ഇവിയുടെ ഫ്ളാഗ് ഓഫ് നടത്തി. ഇന്ത്യാ ഗവൺമെന്റിന്റെ പിഎംഇ ഡ്രൈവ് സ്കീമിന് കീഴിൽ സർട്ടിഫിക്കേഷൻ ലഭിച്ച രാജ്യത്തെ ആദ്യത്തെ ഹെവിഡ്യൂട്ടി ഇലക്ട്രിക് ട്രക്ക് നിർമ്മാതാവായി മാറുന്നതിലൂടെ രാജ്യത്തെ ക്ലീൻ മൊബിലിറ്റി യാത്രയിൽ ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. മോൺട്ര ഇലക്ട്രിക് ചെയർമാൻ അരുൺ മുരുഗപ്പൻ, എംഡിമോൺട്ര ഇലക്ട്രിക് ജലജ് ഗുപ്ത, അൾട്രാടെക് സിമന്റ് ലിമിറ്റഡിന്റെ ചീഫ് പ്രൊക്യുർമെന്റ് ഓഫീസർ സത്യരാജ് എന്നിവർ ചടങ്ങിൽ സന്നിധരായിരുന്നു.

# പൈതൃകം മറന്ന് പാശ്ചാത്യമാകാൻ കൊതിക്കുന്ന ഇന്ത്യ നിരാശപ്പെടുത്തുന്നു: മരീന അബ്രമോവിച്ച്

**കൊച്ചി:** സ്വന്തം പൈതൃകവും സംസ്കൃതിയും മറന്ന് പാശ്ചാത്യമൂല്യങ്ങൾക്ക് പിന്നാലെ പോകുന്ന ഇന്ത്യ തന്നെ പ്രചോദിപ്പിക്കുന്നില്ലെന്ന് പ്രശസ്ത പെർഫോർമിംഗ് ആർട്ടിസ്റ്റ് മരീന അബ്രമോവിച്ച് പറഞ്ഞു. കൊച്ചിമുസിരിസ് ബിനാലെയിലെ തന്റെ കലാപ്രതിഷ്ഠകളെക്കുറിച്ച് പ്രഭാഷണം നടത്താനായി കൊച്ചിയിലെത്തിയ അവർ മാധ്യമങ്ങളോട് സംസാരിക്കുകായിയിരുന്നു. 1979 ലെ ഇന്ത്യാ സന്ദർശനത്തിൽ ബോധഗയ സന്ദർശിച്ചതിലൂടെയാണ് ജീവിതത്തിൽ എന്തു ചെയ്യണമെന്ന ചിന്ത തനിക്കുണ്ടായതെന്ന് അവർ പറഞ്ഞു. ഇന്നത്തെ ഇന്ത്യ എങ്ങിനെയാണ് പ്രചോദിപ്പിക്കുന്നതെന്ന ചോദ്യത്തിന് അവരുടെ ഉത്തരം ബിഗ് നോ എന്നായിരുന്നു. അന്ധമായി പാശ്ചാത്യസംസ്ക്കാരത്തിലേക്ക് പോകാനാണ് ഇന്നത്തെ ഇന്ത്യ ശ്രമിക്കുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി.

സിനിമ, സാഹിത്യം, സംഗീതം എന്നിവയിലെല്ലാം സ്വന്തം രാജ്യത്തുള്ള നിധി കാണാതെ വിദേശത്തേക്ക് കാഴ്ചപായിക്കുകയാണെന്ന് അവർ പറഞ്ഞു. സംസ്കൃതമെന്ന ഭാഷയും അതിലെ അമൂല്യമായ അറിവുകളും ഉപയോഗപ്പെടുത്താൻ ഇന്നത്തെ തലമുറ ശ്രമിക്കണം. ഭൂലോകത്തിന്റെ അമ്മയാണ് ഇന്ത്യയെന്ന് അവർ പറഞ്ഞു. പ്രകടനകലയെന്നത് വർത്തമാനകാലത്തിന്റെ അവതരണമാണ്. പൊതുജനസമക്ഷത്തിൽ പ്രകടനകല നടത്തുമ്പോൾ നൂറ് ശതമാനവും അതിന് നൽകാൻ ശ്രമിക്കണം. ബിനാലെ വേദിയായ ഐലൻഡ് വെയർഹൗസിലെ വാട്ടർഫാൾ എന്ന കലാപ്രതിഷ്ഠ അഞ്ച് വർഷമെടുത്താണ് പൂർത്തിയാക്കിയതെന്ന് അവർ പറഞ്ഞു. ബുദ്ധമതത്തിന്റെ തത്വങ്ങൾ അന്വേഷിച്ച് തിബറ്റിലെത്തിയപ്പോളാണ് തനിക്ക് ഈ കലാസൃഷ്ടിയുടെ പ്രചോദനം ഉണ്ടായതെന്ന് അവർ ചൂണ്ടിക്കാട്ടി. ബുദ്ധ സൂക്തങ്ങൾ മലവെള്ളപ്പാച്ചിൽ പോലെയാണ് തനിക്ക് തോന്നിയത്. അതിൽ നിന്നാണ് വാട്ടർഫാൾ എന്ന കലാസൃഷ്ടി രൂപപ്പെട്ടത്. കൂറ്റൻ സ്ക്രീനിനു മുന്നിലിരുന്നാൽ കേൾക്കുന്ന സൂക്തങ്ങൾ വെള്ളച്ചാട്ടത്തിലെത്തിയതു പോലെ തോന്നും. അത് ദിവ്യമായ അനുഭൂതിയാണെന്നും മറീന ചൂണ്ടിക്കാട്ടി. പ്രകടനകലാ



കാരൻ പരിചിതമല്ലാത്ത പ്രതലത്തിൽ നടക്കുന്ന കുട്ടിയെപ്പോലെയാണ്. മനസ്സും ആത്മാവും എവിടെയാണെന്ന് അറിയുന്നതിനു വേണ്ടിയുള്ള യാത്രയാണ് കലയെന്നും അവർ പറഞ്ഞു. ജവഹർലാൽ നെഹ്റുവും യൂഗോസ്ലാവിയൻ പ്രസിഡന്റ് ജോസഫ് ബ്രൂസ് ടിറ്റോയും തമ്മിലുള്ള സൗഹൃദത്തിൽ നിന്ന് കുട്ടിക്കാലത്ത് തന്നെ ഇന്ത്യയെക്കുറിച്ച് മനസിലാക്കിത്തുടങ്ങിയെന്ന് അവർ ചൂണ്ടിക്കാട്ടി. പെയിന്റിംഗിലാണ് ആദ്യം സൃഷ്ടികൾ ആവിഷ്കരിച്ച് തുടങ്ങിയത്. സ്വപ്നത്തിൽ കണ്ട ദൃശ്യങ്ങളാണ് പകർത്തിയിരുന്നത്.

പിന്നീട് മേഘങ്ങളില്ലാത്ത ആകാശത്ത് കൂടി തലങ്ങും വിലങ്ങും പറന്ന പോർവിമാനങ്ങളുടെ കാഴ്ചയാണ് തന്നെ വേറിട്ട് ചിന്തിപ്പിച്ചതെന്നും അവർ പറഞ്ഞു. ജീവിതത്തിന്റെ നശ്വരതയിൽ നിന്നാണ് പ്രകടനകലയിലേക്കെത്തിയതെന്നും അവർ പറഞ്ഞു. പ്ലാനറ്റിലെ അമ്മയാണ് ഇന്ത്യ. അഞ്ച് വർഷം കൊണ്ടാണ് വാട്ടർഫാൾ നിർമ്മിച്ചത്. കല, സാഹിത്യം, അശ്ലീലം എന്നിവയ്ക്കിടയിൽ നേർത്ത രേഖ മാത്രമാണുള്ളതെന്നും അവർ പറഞ്ഞു. കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിന്റെ ക്യൂറേറ്റർ നിഖിൽ ചോപ്ര മറീനയെ സദസ്സിന് പരിചയപ്പെടുത്തി. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ഗോൾഡ് ആർട്ടിസ്റ്റ് പേട്രൺ മേഹ പട്ടേലും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കൊച്ചി ബിനാലെ ലോകകലയുടെ അസാധാരണമായ ആഘോഷം: വേണു രാജാമണി

**കൊച്ചി:** ആഗോള കലാലോകത്തിന്റെ അസാധാരണമായ ആഘോഷമാണ് കൊച്ചിമുസിരിസ് ബിനാലെയെന്ന് നെതർലൻഡ്സിലെ മുൻ ഇന്ത്യൻ അംബാസഡറും മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ പ്രസ് സെക്രട്ടറിയുമായിരുന്ന വേണു രാജാമണി അഭിപ്രായപ്പെട്ടു. ബിനാലെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ലിംഗഭേദം, മതം, പൗരത്വം എന്നിവ ബിനാലെ പങ്കാളിത്തത്തിൽ തടസ്സമാകുന്നില്ല. പാകിസ്ഥാനിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള കലാകാരന്മാർക്ക് ബിനാലെ ഇടം നൽകുന്നു എന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന രീതിയ്ക്ക് തെളിവാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു ദിവസം കൊണ്ട് കണ്ട് തീർക്കാവുന്നതല്ല ഈ പ്രദർശനമെന്നും, അതിന്റെ ആഴവും വ്യാപ്തിയും മനസ്സിലാക്കാൻ ഒന്നിലധികം തവണ സന്ദർശനം നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരുമായ കലാകാരന്മാരുടെ വൈവിധ്യമാർന്ന ശബ്ദങ്ങൾ ഇവിടെ മുഴങ്ങുന്നുണ്ട്. പ്രതിഷേധങ്ങളുടെയും വിയോജിപ്പുകളുടെയും വേദിയായും, ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടിയുള്ള ശബ്ദമായും ബിനാലെ മാറിക്കഴിഞ്ഞു. സത്യം തുറന്നു പറയാനും നിലവിലുള്ള വ്യവസ്ഥിതികളെ ചോദ്യം ചെയ്യാനും കലാകാരന്മാർക്ക് ഇവിടെ സാധിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാഴ്ചക്കാരനിൽ വേഗത്തിൽ സ്വാധീനം ചെലുത്തുന്ന തരത്തിലാണ് ഓരോ പ്രദർശനവും ഒരുക്കിയിരിക്കുന്നത്. കൊച്ചിക്കാരൻ എന്ന നിലയിൽ അന്താരാഷ്ട്ര പ്രദർശനം തനിക്ക് ഇരട്ടി മധുരമാണന്നും വേണു രാജാമണി അറിയിച്ചു. മുൻ നാവികസേനാ ഉപമേധാവി വൈസ് അഡ്മിറൽ ജി. അശോക് കുമാറും ബിനാലെ സന്ദർശിച്ചു. കൊളോണിയൽ കാലഘട്ടത്തിലെ കെട്ടിടങ്ങൾക്കുള്ളിൽ കൊളോണിയാനന്തര ചിന്തകൾ അവതരിപ്പിക്കുന്നത് സാമൂഹിക മാറ്റത്തിന്റെ ശക്തമായ സൂചനയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പാർശ്വവൽക്കരിക്കപ്പെട്ടവർ ഇന്ന് മുഖ്യധാരയിലേക്ക് വരുന്നതും ലിംഗസമത്വം സ്വാഭാവിക നിയമമായി മാറുന്നതും ബിനാലെയിലെ സൃഷ്ടികൾ വരച്ചുകാട്ടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ഡിപിഡിപി സമയക്രമം

# സ്റ്റാർട്ടപ്പുകളും ചെറുകിട ബിസിനസുകളും സമ്മർദ്ദത്തിലാകാൻ സാധ്യതയെന്ന് വിദഗ്ദർ

**കൊച്ചി:** ഇന്ത്യയുടെ ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ (ഡിപിഡിപി) നിയമങ്ങൾ പ്രകാരം പാലിക്കൽ സമയപരിധി വെട്ടിച്ചുരുക്കാനുള്ള നീക്കം വലിയ കോർപ്പറേഷനുകളെ അപകടത്തിലാക്കുമെന്നും സ്റ്റാർട്ടപ്പുകളെയും ചെറുകിട ബിസിനസുകളെയും കടുത്ത സമ്മർദ്ദത്തിലാക്കുമെന്നും ഇന്ത്യയിലെ ആദ്യത്തെ സ്വതന്ത്ര കോർപ്പറേറ്റ് ഗവേണൻസ് ഗവേഷണ ഉപദേശക സ്ഥാപനമായ ഇൻഗവേൺ റിസർച്ച് സർവീസസ് സംഘടിപ്പിച്ച മാധ്യമ സമ്മേളനത്തിൽ വിദഗ്ധർ മുന്നറിയിപ്പ് നൽകി. ഡിപിഡിപി ചട്ടക്കൂടിന് പിറകിലെ ഉദ്ദേശ്യത്തെ സ്വാഗതം ചെയ്യുമ്പോൾ തന്നെ ആദ്യം അറിയിച്ച പ്രകാരമുള്ള 18 മാസത്തിന് പകരം 12 മാസത്തിൽ അത് നടപ്പാക്കുന്നത് വേഗത്തിലാക്കുന്നതും ചില കേസുകളിൽ ഉടനടി നടപ്പിലാക്കുന്നതും ഇന്ത്യയിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഈ നിർണായക നിമിഷത്തിൽ ആനുപാതികമല്ലാത്ത ചെലവുകൾക്ക് കാരണമാകുമെന്നും, നിയന്ത്രണ അനിശ്ചിതത്വം സൃഷ്ടിക്കാനും, നിക്ഷേപകരുടെ ആത്മ വിശ്വാസം കുറയ്ക്കാനും ഇടയാക്കുമെന്നും സംസാരിച്ചവർ മുന്നറിയിപ്പ് നൽകി.

ഇന്ത്യയ്ക്ക് ശക്തമായ ഡാറ്റാ സംരക്ഷണം ആവശ്യമാണ്, എന്നാൽ കമ്പനികളെ ബാധിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യാൻ പാടില്ലെന്നും ഇൻഗവേൺ റിസർച്ച് സർവീസസിന്റെ സ്ഥാപകൻ ശ്രീറാം സുബ്രഹ്മണ്യൻ പറഞ്ഞു. ഡിപിഡിപി നിയമങ്ങൾക്ക് കീഴിലുള്ള അതിവേഗ ബാധ്യതകളുടെ യഥാർത്ഥ ആഘാതം പരിശോധിക്കുന്നതിനായി നയം, നിയമം, നിക്ഷേപം എന്നീ മേഖലകളിലെ വിദഗ്ദ്ധരുടെ കാഴ്ചപ്പാടുകളെ മാധ്യമ സമ്മേളനം വിശകലനം ചെയ്തു. ഡിപിഡിപി നിയമങ്ങളെക്കുറിച്ചുള്ള അവബോധവും പ്രവർത്തനപരമായ ധാരണയും ഇതുവരെ ചെറിയ കമ്പനികൾ, പ്രാരംഭ ഘട്ട സ്റ്റാർട്ടപ്പുകൾ, എംഎസ് എംഇകൾ എന്നിവയിലേക്ക് പൂർണ്ണമായി വ്യാപിച്ചിട്ടില്ലെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ഏറ്റവും കടുത്ത പ്രത്യാഘാതം നേരിടുക സ്റ്റാർട്ടപ്പുകൾക്കാണ്.

അധിക സംഭരണ ശേഷിയോ, പാലന ടീമുകളോ, പ്രോസസ്സർ കരാറുകൾ വേഗത്തിൽ പുനഃക്രമീകരിക്കാനുള്ള കഴിവോ കമ്പനികൾക്ക് ഇല്ലെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ആവാസവ്യവസ്ഥയിലുടനീളം ഒരു സ്വകാര്യതാ സംസ്കാരം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യ ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണെന്നും നിയമം സങ്കീർണ്ണവും പ്രക്രിയകളിലും സംവിധാനങ്ങളിലും ഉത്തരവാദിത്ത ചട്ടക്കൂടുകളിലും കാര്യമായ മാറ്റങ്ങൾ ആവശ്യപ്പെടുന്നതുമായതിനാൽ സർക്കാർ ഏജൻസികൾക്കും പൊതു സ്ഥാപനങ്ങൾക്കും പോലും ഈ ബാധ്യതകൾ നടപ്പിലാക്കാൻ സമയം ആവശ്യമായി വരുമെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

## സംസ്ഥാന യുവജന കമ്മീഷൻ

# യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** സംസ്ഥാന യുവജന കമ്മീഷൻ 2025 –26 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. കലാ/സാംസ്കാരിക മേഖലയിൽ നടി കല്യാണി പ്രിയദർശനും സാഹിത്യ വിഭാഗത്തിൽ എഴുത്തുകാരൻ അമൽ പിരപ്പൻകോടും പുരസ്കാരത്തിന് അർഹരായി.

കായികരംഗത്ത് ദേശീയ റെക്കോർഡ് ജേതാവായ പി. മുഹമ്മദ് അഫ്സലിനെയും കാർഷിക മേഖലയിൽ കൊല്ലം സ്വദേശി ആർ. വിഷ്ണുരാജിനെയും തിരഞ്ഞെടുത്തു. ജെൻ റോബോട്ടിക്സ് സി.ഇ.ഒ വിമൽ ഗോവിന്ദ് വ്യവസായ/സംരംഭകത്വ വിഭാഗത്തിലും, മാധ്യമപ്രവർത്തക നിലീന അത്തോളി മാധ്യമ വിഭാഗത്തിലും അവാർഡ് നേടി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com